പൊതുവിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹയർസെക്കന്ററി വിഭാഗം
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം.

**EX-II/1/14452/HSE/2019** തീയതി : **04 /03/2020**

# സർക്കുലർ

വിഷയം :- ഹയർ സെക്കന്ററി പരീക്ഷ മാർച്ച് 2020 - ഗ്രേസ്മാർക്ക് ഓൺലൈനിൽ രേഖപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന :- 24/10/2019-ലെ EX-II/1/14000/HSE/2019 നമ്പർ പരീക്ഷാവിജ്ഞാപനം.

2020 മാർച്ചിലെ പരീക്ഷയ്ക്ക് ഗ്രേസ്മാർക്കിന് അർഹരായ വിദ്യാർത്ഥികളുടെ വിവരങ്ങൾ ഓൺലൈനിലൂടെയാണ് സമർപ്പിക്കേണ്ടത്. ചുവടെ ചേർത്തിരിക്കുന്ന പ്രകാരം വിശദാംശങ്ങൾ അപ്ലോഡ് ചെയ്യേണ്ടതാണ്.

- ➢ സ്കൂൾ കോഡ് ഉപയോഗിച്ച് i-Exam-ൽ ലോഗിൻ ചെയ്ത ശേഷം duty allocation എന്ന മെനു ഉപയോഗിച്ച് ഓരോ ഇനത്തിലുമുള്ള ഗ്രേസ് മാർക്ക് വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി അതാത് അധ്യാപകരെ ചുമതലപ്പെടുത്താവുന്നതാണ്.
- ➢ ഇത്തരത്തിൽ ഗ്രേസ് മാർക്ക് വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി ചുമതല പ്പെടുത്തിയിട്ടുള്ള അധ്യാപകർ PEN നമ്പർ ഉപയോഗിച്ച് ലോഗിൻ ചെയ്ത് Mark Entry -> Second Year /First Year Grace Mark Entry എന്ന മെനുവിൽ വിദ്യാർത്ഥി യുടെ രജിസ്റ്റർ നമ്പർ നൽകി Agency, Item Code, Grade എന്നിവയിലെ ബന്ധപ്പെട്ട ഓപ്ഷൻ തെരഞ്ഞെടുക്കാവുന്നതാണ്.

- ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ നേരിട്ട് പരിശോധന നടത്തുന്ന യൂത്ത് ഫെസ്റ്റിവൽ, ശാസ്ത്രമേള, ഐ.ടി മേള, ബാലശാസ്ത്ര കോൺഗ്രസ് എന്നീ ഇനങ്ങൾക്കുള്ള ഗ്രേസ്മാർക്ക് ചേർക്കുന്നതിനായി Grade എന്ന സെലക്റ്റ് ബോക്സിൽ നിന്നും അനുയോജ്യമായ ഗ്രേഡ് തെരഞ്ഞെടുക്കേണ്ടതാണ്. സർഗോത്സവം, സ്റ്റേറ്റ് ലീഗൽ സർവ്വീസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിലുള്ള ക്വിസ് കോമ്പറ്റിഷൻ എന്നിവയിലുള്ള ഗ്രേസ്മാർക്ക് ചേർക്കുന്നതിനായി Agency-യിൽ HSE Fixed Mark (Quiz & Sargothsavam) തെരഞ്ഞെടുക്കുന്നവർ അനുയോജ്യമായ Item Code, Grade, എന്നിവ തെരഞ്ഞെടുക്കേണ്ടതാണ്.
- ഹാൾടിക്കറ്റിന്റേയും ഗ്രേസ്മാർക്കിന് യോഗ്യമായ സർട്ടിഫിക്കറ്റിന്റേയും Scanned Copy, ഒറ്റ ഫയൽ (pdf) ആക്കി ഇതിനോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതാണ്.
- ഗ്രേസ്മാർക്ക് ലഭിക്കുന്നതിനായി അപ്‌ലോഡ് ചെയ്യുന്ന വിവരങ്ങൾ കൃത്യവും പൂർണ്ണവുമാണോയെന്ന് പ്രിൻസിപ്പൽമാർ പരിശോധിക്കേണ്ടതാണ്. ടി വിഷയത്തിലുണ്ടാകുന്ന വീഴ്ചകൾക്ക് ഗ്രേസ്മാർക്ക് വിവരങ്ങൾ ചേർക്കുന്നതിനായി ചുമതലപ്പെടുത്തിയ അധ്യാപകനും പ്രിൻസിപ്പലും ഉത്തരവാദിയായിരിക്കുന്നതാണ്.
- ഗ്രേസ്മാർക്ക് അപ്‌ലോഡ് ചെയ്യുന്നതിനായി വിദ്യാർത്ഥികളിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റുകളുടേയും മറ്റ് അനുബന്ധ രേഖകളുടേയും പകർപ്പുകൾ അതാത് പ്രിൻസിപ്പൽമാർ സ്കൂളിൽ തന്നെ സൂക്ഷിച്ചാൽ മതിയാകും. **രേഖകളുടെ പകർപ്പുകൾ ഡയറക്ടറേറ്റിലേക്ക് അയയ്ക്കേണ്ടതില്ല.**

Scouts & Guides -ന്റെ Grace Mark-ന് അപേക്ഷിക്കുന്നവർ Dwitiya Sopan മുതൽ മുകളിലേക്കുള്ള സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്. PEN നമ്പർ ഇല്ലാത്ത Unit Leaders-ന് Login ID ഇല്ലായെങ്കിൽ പ്രിൻസിപ്പലിന്റെ ഉത്തരവാദിത്തത്തിൽ വിവരങ്ങൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

NCC -യുടെ ഗ്രേസ്മാർക്ക് അപ്‌ലോഡ് ചെയ്യുന്നതിനായി Grade എന്ന സെലക്ട് ബോക്സിൽ നിന്നും Certificate A or B, corporal and above, Centrally Organised Camp (any one) എന്ന ഓപ്ഷനാണ് തെരഞ്ഞെടുക്കുന്നതെങ്കിൽ A അല്ലെങ്കിൽ B Certificate, corporal അഥവാ അതിനുമുകളിലോ ലഭിച്ച സർട്ടിഫിക്കറ്റ്, കൂടാതെ Centrally Organized ആയിട്ടുള്ള ഏതെങ്കിലും Camp Certificate, എന്നിവ അപ്‌ലോഡ് ചെയ്യേണ്ടതാണ്. Grade എന്ന സെലക്ട് ബോക്സിൽ Attendance 75% & above എന്ന ഓപ്ഷനാണ് തെരഞ്ഞെടുക്കുന്ന തെങ്കിൽ Attendance Certificate അപ്‌ലോഡ് ചെയ്യേണ്ടതാണ്.

**ഗ്രേസ്മാർക്ക് അപ്‌ലോഡ് ചെയ്യേണ്ട അവസാന തീയതി 31/03/2020.** നിശ്ചിത തീയതിക്കും സമയത്തിനും മുമ്പ് അപ്‌ലോഡ് ചെയ്യാത്ത പക്ഷം വിദ്യാർത്ഥികൾക്കുണ്ടാകുന്ന നഷ്ടത്തിന് ബന്ധപ്പെട്ട പ്രിൻസിപ്പൽ മാത്രം ഉത്തരവാദി ആയിരിക്കുന്നതാണ്.

ഒപ്പ്/-
സെക്രട്ടറി
ബോർഡ് ഓഫ് ഹയർ സെക്കന്ററി
എക്സാമിനേഷൻസ്, കേരള